



# ഡിജിറ്റൽ ക്ലാസ്
# മാർഗ്ഗരേഖ 2021–22


**പൊതുവിദ്യാഭ്യാസ വകുപ്പ്**

ക്യു.ഐ.പി(1)/247365/2021/ഡി.ജി.ഇ തീയതി.09/06/2021

വിക്ടേഴ്സ് ചാനലിനു പുറമെ താഴെ പറയുന്ന ലിങ്കുകളിലും ക്ലാസുകൾ ലഭ്യമാകും.
www.victers. kite.kerala.gov.in
facebook.com/victors educhannel
youtube.com/itsvicters

# ആമുഖം

കോവിഡ് 19 ന്റെ രണ്ടാംഘട്ട വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ രോഗവ്യാപനം തടയാനുള്ള നിയന്ത്രണങ്ങൾ നിലനിൽക്കുകയാണ്. അതുകൊണ്ടു തന്നെ ജൂൺ 1 ന് സ്കൂളുകൾ തുറന്ന് സാധാരണ ഗതിയിലുള്ള അദ്ധ്യയനം സാധ്യമല്ല. ആയതിനാൽ ഈ വർഷവും ഡിജിറ്റൽ ക്ലാസുകൾ 'ഫസ്റ്റ് ബെൽ 2.0' എന്ന പേരിൽ തുടരുന്നതാണ്.

# പൊതു നിരീക്ഷണങ്ങൾ

1. കേരളത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തി 2020 ജൂൺ ഒന്നിന് തന്നെ വിക്ടേഴ്സ് ചാനൽ വഴി കുട്ടികളെ കർമ്മനിരതരാക്കാൻ സഹായകമാകും വിധം ഡിജിറ്റൽ ക്ലാസുകൾ ആരംഭിക്കാൻ പൊതുവിദ്യാഭ്യാസവകുപ്പിന് കഴിഞ്ഞിരുന്നു.
2. ക്ലാസുകൾ വീക്ഷിക്കാൻ സൗകര്യമില്ലാത്ത കുട്ടികൾക്ക് അതിനുള്ള സൗകര്യം ഏർപ്പെടുത്തണമെന്ന സംസ്ഥാന സർക്കാരിന്റെ അഭ്യർത്ഥന ഏറ്റെടുക്കുവാനും സാധ്യമാക്കാനും കേരളീയസമൂഹം തയ്യാറായി.
3. കോവിഡ് രണ്ടാം തരംഗത്തിന്റെ പശ്ചാത്തലത്തിൽ സ്കൂളുകൾ എന്ന് തുറക്കുമെന്ന് പറയാൻ കഴിയാത്ത അവസ്ഥ നിലവിലുണ്ട്. അതിനാൽ ഡിജിറ്റൽ ക്ലാസ്സുകൾ തുടരേണ്ടിവരും.
4. കോവിഡ് പശ്ചാത്തലത്തിൽ സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തിയുള്ള പഠനത്തിന് വ്യാപകമായ അംഗീകാരമാണ് ലഭിച്ചത്. സ്കൂൾ അനുഭവങ്ങൾ ലഭിക്കാതെ പഠനത്തിന്റെ വഴിയിൽ നിന്ന് അകന്നുപോയ ബഹുഭൂരിപക്ഷം വിദ്യാർത്ഥികളെയും സമൂഹത്തെയും തിരികെയെത്തിക്കുന്നതിന് വിക്ടേഴ്സ് ചാനൽ വഴിയുള്ള ക്ലാസുകൾ സഹായകമായിട്ടുണ്ട്. കുട്ടികൾ നിഷ്ക്രിയരായി പോകുന്ന സാഹചര്യത്തെ ഇതിലൂടെ ഇല്ലാതാക്കുന്നതിന് വലിയതോതിൽ സാധിച്ചിട്ടുണ്ട്.
5. അദ്ധ്യാപകസമൂഹത്തിന്റെ പങ്കാളിത്തവും ശ്രദ്ധേയമാണ്. തുടർപ്രവർത്തനങ്ങൾ രക്ഷാകർത്താക്കളുടെ പിന്തുണയോടെ നടപ്പാക്കാനുള്ള വൈവിദ്ധ്യമാർന്ന ശ്രമങ്ങൾ അദ്ധ്യാപകരുടെ നേതൃത്വത്തിൽ നടക്കുന്നുണ്ട്. കുട്ടികളെ കർമ്മനിരതരാക്കുന്നതിൽ വലിയൊരളവോളം വിജയിക്കാൻ കഴിയുന്നുണ്ട്.
6. ഭിന്നശേഷി കുട്ടികൾക്കായുള്ള 'വൈറ്റ് ബോർഡ്' ക്ലാസുകൾ രക്ഷാകർത്താക്കളുടെയും വിദ്യാഭ്യാസ തൽപ്പരരുടെയും സഹായത്തോടെ കുട്ടികളിലേക്കെത്തിക്കാൻ സ്പെഷ്യൽ എഡ്യൂക്കേറ്റർമാരും സാഹചര്യത്തിനനുസരിച്ച് നന്നായി പ്രവർത്തിച്ച് വരുന്നു.
7. കൂടുതൽ കുട്ടികൾ ടെലിവിഷനിലൂടെയും വളരെ കുറച്ചുപേർ കമ്പ്യൂട്ടറിലൂടെയും മൊബൈൽ ഫോണിലൂടെയുമാണ് ഈ ക്ലാസുകൾ കാണുന്നത്. വിവരസംപ്രേഷണം ഒരു ഭാഗത്തേക്ക് മാത്രമായതിനാൽ ക്ലാസുകളോടൊപ്പം മുന്നേറാൻ ഒരു ചെറിയ ശതമാനം കുട്ടികൾക്ക് കഴിയാത്ത അവസ്ഥയുണ്ട്. സ്കൂൾതല പിന്തുണ വേണ്ടതോതിൽ ലഭിക്കാത്ത കുട്ടികളിൽ ഇത് പ്രതിസന്ധി സൃഷ്ടിക്കുന്നുണ്ട്. ക്ലാസെടുക്കുന്ന സമയത്ത് നേരിട്ടുള്ള സംശയദൂരീകരണം സാധ്യമല്ലാത്തതിനാൽ അദ്ധ്യാപകർ കുട്ടികളെ തുടർന്ന് സഹായിച്ചാൽ മാത്രമേ ഈ വിടവ് നികത്താനാകൂ.
8. കേന്ദ്രീകൃത സംപ്രേഷണത്തിൽ പഠനവസ്തുതകളെ കുട്ടികളുടെ ജീവിത പരിസരവുമായി ബന്ധിപ്പിച്ച് അവതരിപ്പിക്കുന്നതിന് പരിമിതി ഏറെയാണ്. ഈ പരിമിതി ബഹുഭൂരിപക്ഷം കുട്ടികൾക്കും ക്ലാസുകൾ ഉൾക്കൊള്ളുന്നതിൽ പ്രധാന തടസ്സമായി വർത്തിക്കുന്നുണ്ട്. അതുകൊണ്ട് തന്നെ സ്വന്തം അദ്ധ്യാപകരുടെ ക്ലാസുകളാണ് പൊതുവെ കുട്ടികൾ ഏറെ ഇഷ്ടപ്പെടുന്നത്. മേൽ പരാമർശിച്ച പരിഗണനാ വിഷയങ്ങൾ അടിസ്ഥാനപ്പെടുത്തി താഴെ പറയുന്ന നിർദ്ദേശങ്ങൾ നൽകുന്നു.

## I. ഡിജിറ്റൽ ക്ലാസ് – ചുമതല കൈറ്റ്, എസ്.സി.ഇ.ആർ.ടി, സമഗ്രശിക്ഷാ കേരളം

1. ഡിജിറ്റൽ ക്ലാസുകൾ കുട്ടികൾക്ക് ആകർഷകമായും അവരെ കർമ്മനിരതരാക്കുവാൻ ഉതകുന്ന വിധത്തിലും പുതുമകൾ ഉൾക്കൊണ്ടുകൊണ്ട് നിർമ്മിക്കപ്പെടണം. കുട്ടികൾ ഏറെ ഇഷ്ടപ്പെടുന്നത് സ്വന്തം അധ്യാപകരുടെ ക്ലാസുകളാണ്. ഇനി നടത്തേണ്ട വിവിധതരം ക്ലാസുകളെ സംബന്ധിച്ച ആവശ്യമായ സാങ്കേതിക വിദഗ്ധോപദേശം കൈറ്റും, അക്കാദമികോപദേശം എസ്.സി.ഇ.ആർ.ടി യും തയ്യാറാക്കേണ്ടതാണ്.
2. കുട്ടികളെ മാനസികമായി സജ്ജമാക്കൽ
   - i ആദ്യ ആഴ്ചകളിൽ കുട്ടികൾക്ക് ആത്മവിശ്വാസവും പ്രചോദനവും നൽകുന്ന മാനസിക സാമൂഹിക പിന്തുണ (സൈക്കോ സോഷ്യൽ സപ്പോർട്ട്) നൽകുന്ന ക്ലാസുകളാണ് ക്രമീകരിക്കേണ്ടത്. മോട്ടിവേഷണൽ ക്ലാസുകളും നിശ്ചിത ഇട വേളകളിൽ നൽകണം.
   - ii സർഗ്ഗാത്മകപ്രവർത്തനങ്ങൾക്ക് എല്ലാതലത്തിലും അവസരമുണ്ടാകണം.
   - iii ക്ലാസുകൾക്കപ്പുറം കോവിഡ് ഘട്ടത്തിൽ കൈക്കൊള്ളേണ്ട ആരോഗ്യ സുരക്ഷാ വിദ്യാഭ്യാസവും പൊതുവായി നൽകണം.
   - iv കായികക്ഷമത വർദ്ധിപ്പിക്കുന്നതിന് സഹായകമാകും വിധം വീട്ടിൽനിന്നും തന്നെ ചെയ്യാവുന്ന ലഘുവ്യായാമങ്ങളും മറ്റും പരിചയപ്പെടുത്തുന്നതും നല്ലതാണ്.
   - v കലാപരമായി കഴിവുള്ള കുട്ടികളെ കൂടി ഉൾക്കൊള്ളാനും പ്രോത്സാഹിപ്പിക്കാനും സഹായകമായ ക്ലാസുകളും ഡിജിറ്റൽ ക്ലാസുകളുടെ കൂട്ടത്തിൽ ഉൾക്കൊള്ളിക്കുന്നത് അഭികാമ്യമായിരിക്കും.
3. ഭിന്നശേഷി കുട്ടികൾക്ക് വ്യതിരിക്തമായ ഉള്ളടക്കം വികസിപ്പിക്കേണ്ടതുണ്ട്. പ്രാദേശിക തലത്തിലും സ്കൂൾ തലത്തിലും ഇതിനുവേണ്ടിയുള്ള ഊന്നൽ നൽകുന്നത് ഉചിതമായിരിക്കും.
4. ഡിജിറ്റൽ/ഓൺലൈൻ തുടർപ്രവർത്തനങ്ങളുമായി ബന്ധപ്പെടുത്തി അദ്ധ്യാപകർക്കുള്ള പരിശീലനത്തിന്റെ രൂപരേഖ തയ്യാറാക്കുകയും പരിശീലനം സംഘടിപ്പിക്കുകയും ചെയ്യുക.

## II. മുന്നൊരുക്കവും തുടർപ്രവർത്തനങ്ങളും – ചുമതല അദ്ധ്യാപകർ, ഡയറ്റ്

1. അദ്ധ്യാപകരും കുട്ടികളും തമ്മിലുള്ള വൈകാരിക ബന്ധത്തിന് പകരമാകില്ല ചാനൽ വഴി സംപ്രേഷണം ചെയ്യുന്ന കേന്ദ്രീകൃത ക്ലാസുകൾ. അതുകൊണ്ടുതന്നെ ചാനൽ വഴിയുള്ള ക്ലാസുകളെ ഒരു പൊതു കണ്ണിയായി കണക്കാക്കി പ്രസ്തുത ക്ലാസ് വീക്ഷിക്കാൻ കുട്ടികളെ സജ്ജമാക്കുക എന്നത് പ്രധാനമാണ്. തുടർപ്രവർത്തനങ്ങളോടൊപ്പം പ്രധാനമാണ് ഈ മുന്നൊരുക്ക പ്രവർത്തനങ്ങളും.
2. ശക്തമായ തുടർപ്രവർത്തനങ്ങൾ ഡിജിറ്റൽ ക്ലാസ്സുകൾക്ക് ഉണ്ടാവണം. അതിന് എല്ലാ സാങ്കേതിക മാർഗങ്ങളും ഉപയോഗപ്പെടുത്തണം.
3. നിരന്തര വിലയിരുത്തൽ സാധ്യമാക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ തുടർ പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തണം.

4. എസ്.എസ്.കെ. ഇതിനകം തയ്യാറാക്കിയിട്ടുള്ള വർക്ക്ഷീറ്റുകളുടെ ഡിജിറ്റൽ പതിപ്പുകൾ ഇതിനുവേണ്ടി തുടക്കം മുതൽതന്നെ ഉപയോഗിക്കുവാൻ കഴിയും.

## III. വിലയിരുത്തൽ – (ചുമതല അദ്ധ്യാപകർ)

1. നിരന്തരവിലയിരുത്തൽ പ്രക്രിയ ഉണ്ടെങ്കിൽ മാത്രമേ കുട്ടികൾക്കും രക്ഷിതാക്കൾക്കും അധ്യാപകർക്കും ഡിജിറ്റൽ ക്ലാസുകളെ ഗൗരവമായി സമീപിക്കാൻ കഴിയൂ.
2. എന്നാൽ വിലയിരുത്തൽ യാന്ത്രികമായ പരീക്ഷകൾ ആയി മാറാതെ പ്രത്യേകം ശ്രദ്ധിക്കണം.
3. കുട്ടികളുടെ പ്രതികരണങ്ങൾ അദ്ധ്യാപകർ വിലയിരുത്തുകയും വർക്ക്ഷീറ്റുകളടക്കം ഇതിനായി പ്രയോജനപ്പെടുത്താവുന്നതുമാണ്.

## IV. മോണിറ്ററിംഗ് (ചുമതല ഡയറ്റ്, വിദ്യാഭ്യാസ ഓഫീസർമാർ)

1. പൊതുവിദ്യാലയങ്ങളിലെ എല്ലാ അദ്ധ്യാപകരെയും ഈ പ്രവർത്തനത്തിൽ ക്രിയാത്മകമായി അണിനിരത്തുന്നതിന് കൃത്യമായ ഒരു പ്രവർത്തന പദ്ധതിയും മോണിറ്ററിംഗ് രൂപരേഖയും വികസിപ്പിക്കുകയും നടപ്പിലാക്കുകയും വേണം.
2. പ്രഥമാധ്യാപകരും വിദ്യാഭ്യാസ ഓഫീസർമാരും മോണിറ്ററിംഗിന്റെ പുതിയ രീതിശാസ്ത്രം കണ്ടെത്തി നടപ്പിലാക്കണം. ചിലയിടങ്ങളിലെങ്കിലും വളർന്നുവരുന്ന നൂതന ശ്രമങ്ങളെ പ്രോത്സാഹിപ്പിക്കാൻ സംവിധാനത്തിന് കഴിയണം.
3. സ്കൂൾ എസ്.ആർ.ജി ഫലപ്രദമായി ഡിജിറ്റൽ പ്ലാറ്റ്ഫോം ഉപയോഗിച്ച് കൃത്യമായ ഇടവേളകളിൽ ചേരുന്ന കാര്യം ഉറപ്പാക്കണം.
4. ഓരോ അധ്യാപകനും തുടർപ്രക്രിയയിൽ കാര്യക്ഷമമായി ഇടപെടുന്നു എന്നത് ഉറപ്പാക്കാൻ വിദ്യാഭ്യാസ ഓഫീസർമാർക്ക് ഒരു മോണിറ്ററിംഗ് സംവിധാനം ഉണ്ടാവണം.
5. കുട്ടികൾക്കും രക്ഷിതാക്കൾക്കും മാനസിക പിന്തുണ ഉറപ്പാക്കുന്നതിന് വേണ്ടിയുള്ള സംവിധാനങ്ങൾ വികസിപ്പിക്കേണ്ടതുണ്ട്.
6. തീരദേശ മേഖലയിലും മലയോര വിദൂര മേഖലകളിലും പ്രത്യേക ശ്രദ്ധ ഉണ്ടാവണം.
7. ഭിന്നശേഷിക്കാരായ കുട്ടികൾക്കും ഇക്കാര്യത്തിൽ പ്രത്യേക പരിഗണന നൽകണം.

മുകളിൽ പറഞ്ഞ നിരീഷണങ്ങളിലേയും നിർദ്ദേശങ്ങളിലേയും അടിസ്ഥാന ആശയങ്ങൾ ഉൾക്കൊണ്ട് വേണം ഈ വർഷത്തെ ഡിജിറ്റൽ ക്ലാസുകൾ മുന്നോട്ടു കൊണ്ടുപോകേണ്ടത്. കുട്ടികളോടൊപ്പം അദ്ധ്യാപകർക്കുള്ള പരിശീലന പരിപാടിയും, രക്ഷിതാക്കൾക്കുള്ള ബോധവത്ക്കരണ പരിപാടികളും ആദ്യ ആഴ്ചകളിലും പിന്നീട് ഇടവേളകളിലും നൽകുവാൻ ഉദ്ദേശിക്കുന്നു. കഴിഞ്ഞ അക്കാദമിക വർഷം ഡിജിറ്റൽ ക്ലാസുകളെ മാത്രം ആശ്രയിച്ചതുമൂലമുണ്ടായ പഠനവിടവ് പരിഹരിക്കുന്നതിന് സഹായകരമായ വിവിധ ക്ലാസുകളിലേക്കുള്ള ബ്രിഡ്ജ് ക്ലാസുകളുടെ സംപ്രേഷണവും ഉണ്ടായിരിക്കുന്നതാണ്.

2021-22 വർഷത്തെ ഡിജിറ്റൽ ക്ലാസുകളുടെ ഫലപ്രദമായ നടത്തിപ്പിനായി ഓരോ തലത്തിലും നടപ്പിലാക്കേണ്ട സൂക്ഷ്മതല പ്രവർത്തനങ്ങൾ സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ താഴെ പറയുന്നു.

## ജില്ലാതലം

- സ്കൂൾതലത്തിലും ഉപജില്ലാതലത്തിലും വിദ്യാഭ്യാസ ജില്ലാതലത്തിലും ഈ പദ്ധതി ഫലപ്രദമായി നടക്കുന്നുവെന്നുറപ്പാക്കൽ.
- ഭൗതികവും സാങ്കേതികവുമായ പ്രശ്നങ്ങൾ ഏത് തലത്തിലുണ്ടായാലും അത് കണ്ടെത്തി പരിഹരിക്കൽ.
- ജില്ലാതലത്തിൽ വിഷയാടിസ്ഥാനത്തിൽ അദ്ധ്യാപകരുടെ കൂട്ടായ്മ രൂപീകരിക്കൽ.
- ജില്ലാതല മോണിറ്ററിംഗ് ഫലപ്രദമായി നടത്തൽ, വിദ്യാഭ്യാസജില്ല, ഉപജില്ല പ്രവർത്തനങ്ങളെ ഫലപ്രദമായി ഏകോപിപ്പിക്കൽ
- ജില്ലയിലെ എല്ലാ ഏജൻസികളുടെയും ഫലപ്രദമായ ഏകോപനം. ഇതിനായി ഡി.ഡി.ഇ, ആർ.ഡി.ഡി, എ.ഡി, സമഗ്രശിക്ഷാ ഡി.പി.സി, ഡയറ്റ് പ്രിൻസിപ്പൽ, പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം ജില്ലാ കോ-ഓർഡിനേറ്റർ, കൈറ്റ് ജില്ലാ കോ-ഓർഡിനേറ്റർ എന്നിവരടങ്ങിയ സമിതിയുടെ ഏകോപനം.
- സമിതിയുടെ നേതൃത്വത്തിൽ മീറ്റിംഗുകൾ ചേർന്ന് പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതും മേൽതലങ്ങളിലേയ്ക്ക് റിപ്പോർട്ട് നൽകേണ്ടതുമാണ്.
- ഇതര സർക്കാർ ഏജൻസികളുമായി ആശയവിനിമയം നടത്തി പിന്തുണ ഉറപ്പാക്കൽ.

## ഡയറ്റ്

- ജില്ലയിലെ അക്കാദമിക പ്രവർത്തനത്തിന്റെ ഏകോപന നേതൃത്വം വഹിക്കൽ.
- എസ്.സി.ഇ.ആർ.ടി യുടെ നിർദ്ദേശത്തിനനുസരിച്ച് ആവശ്യമായ ഘട്ടത്തിൽ പാഠഭാഗങ്ങൾ ഓൺലൈൻ വിഭവങ്ങളായി തയ്യാറാക്കി സംസ്ഥാന ഘടകങ്ങൾക്ക് നൽകൽ.
- അധ്യാപക പഠനകൂട്ടായ്മകൾക്ക് പരിശീലനം (അക്കാദമികം, സാങ്കേതികം) ഉറപ്പാക്കൽ.
- ഡിജിറ്റൽ ക്ലാസുകൾ എടുക്കുന്നതിനുള്ള അധ്യാപകരെ കണ്ടെത്തലും അവരെ തയ്യാറെടുപ്പിക്കലും.
- ജില്ലാതലത്തിലും ബി.ആർ.സി.തലത്തിലും മോണിറ്ററിംഗ് പ്രവർത്തനങ്ങൾ നേതൃത്വം നൽകൽ.
- അധ്യാപകർക്ക് ഡിജിറ്റൽ ക്ലാസുകളുടെ തുടർപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട സാങ്കേതിക കാര്യങ്ങളിൽ പരിശീലനം ആസൂത്രണം ചെയ്ത് നടപ്പിലാക്കൽ.
- ഉപജില്ലാ അടിസ്ഥാനത്തിൽ എസ്.ആർ.ജി കൺവീനർമാരുടെ നവമാധ്യമ ഗ്രൂപ്പുകൾ രൂപീകരിച്ച് അക്കാദമിക പിന്തുണ ഉറപ്പാക്കുന്നതിന് ഫാക്കൽറ്റി അംഗങ്ങൾ നേതൃത്വം നൽകണം.
- വിദ്യാഭ്യാസജില്ലാടിസ്ഥാനത്തിൽ സമാനമായ നവമാധ്യമ കൂട്ടായ്മകളും, വിഷയാടിസ്ഥാനത്തിൽ വിദഗ്ദ്ധരായ അദ്ധ്യാപകരുടെ നവമാധ്യമ ഗ്രൂപ്പുകൾ രൂപീകരിക്കുന്നതിനും നേതൃത്വം നൽകണം.

- ആഴ്ചയിലൊരിക്കൽ നടന്ന പ്രവർത്തനങ്ങൾ ഡയറ്റ് അദ്ധ്യാപകർ വിശകലനം ചെയ്യണം. മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ രൂപപ്പെടുത്തണം.
- തമിഴ്, കന്നഡ മാധ്യമ ക്ലാസ്സുകൾ, അറബിക്, ഉറുദു, സംസ്കൃതം, കലാ, കായിക, പ്രവൃത്തി പരിചയ വിഷയങ്ങളുടെ ക്ലാസ്സുകൾ എന്നിവ നവമാധ്യമങ്ങൾ വഴി കുട്ടികൾക്ക് ലഭ്യമാകാൻ വേണ്ടുന്ന വിഭവവികസനവും പ്രചരണവും എസ്.സി.ഇ.ആർ.ടിയുടെ നിർദ്ദേശാനുസരണം നിർവ്വഹിക്കൽ.

## ആർ.ഡി.ഡി/ എ.ഡി തലം

- പരിധിയിൽ വരുന്ന മുഴുവൻ വിദ്യാലങ്ങളിലെയും കുട്ടികൾക്ക് മേൽതലങ്ങളിലെ നിർദ്ദേശങ്ങൾ ഫലപ്രദമായി നടപ്പാക്കൽ.
- ആവശ്യമുള്ള സന്ദർഭങ്ങളിൽ നവമാധ്യമസങ്കേതങ്ങളുപയോഗിച്ചുകൊണ്ട് പ്രിൻസിപ്പൽമാരെ പങ്കെടുപ്പിച്ചുകൊണ്ടുള്ള യോഗങ്ങൾ നടത്തി പ്രവർത്തനങ്ങൾ വിലയിരുത്തൽ
- ഡിജിറ്റൽ ക്ലാസിനു മുൻപും ശേഷവും നവമാധ്യമങ്ങൾ വഴിയോ, ഫോൺ വഴിയോ രണ്ടും കൂടിയോ അധ്യാപകർ കുട്ടികൾക്കാവശ്യമായ പിന്തുണ നൽകുന്നുവെന്ന് ഉറപ്പാക്കാനുള്ള നിർദ്ദേശം നൽകൽ.
- മോണിട്ടറിംഗ്
- മേൽതലങ്ങളിലേക്ക് റിപ്പോർട്ട് നൽകൽ.

## വിദ്യാഭ്യാസ ജില്ലാതലം/ഉപജില്ലാതലം

- പരിധിയിൽ വരുന്ന മുഴുവൻ വിദ്യാലയങ്ങളിലും മുഴുവൻ കുട്ടികൾക്കും ഡിജിറ്റൽ ക്ലാസ്സുകൾ വീക്ഷിക്കുന്നതിനുള്ള സംവിധാനങ്ങൾ ഉറപ്പാക്കൽ.
- ജില്ലാതല നിർദ്ദേശങ്ങൾ ഫലപ്രദമായി നടപ്പാക്കൽ.
- ആവശ്യമുള്ള സന്ദർഭങ്ങളിൽ നവമാധ്യമ സങ്കേതങ്ങളുപയോഗിച്ചുകൊണ്ട് വൈസ് പ്രിൻസിപ്പൽ/എച്ച്.എം എന്നിവരെ പങ്കെടുപ്പിച്ചുകൊണ്ടുള്ള യോഗങ്ങൾ നടത്തി പ്രവർത്തനങ്ങൾ വിലയിരുത്തൽ
- അതത് അധ്യാപകരുടെ ക്ലാസുകളാണ് കുട്ടികൾ ഏറെ ഇഷ്ടപ്പെടുന്നത് എന്നാണ് പഠനങ്ങൾ വ്യക്തമാകുന്നത്. പഠന വസ്തുതകളെ ജീവിത പരിസരവുമായി ബന്ധപ്പെടുത്തി അവതരിപ്പിക്കാൻ അതത് വിദ്യാലയങ്ങളിലെ അധ്യാപകർക്കേ കഴിയൂ. ആയതിനാൽ കുട്ടികളെ ഡിജിറ്റൽ ക്ലാസുകൾക്ക് സജ്ജമാക്കുക എന്ന പ്രധാനദൗത്യം ഡിജിറ്റൽ ക്ലാസുകളുടെ മുന്നോടിയായി അതത് അധ്യാപകർ ചെയ്യേണ്ടതുണ്ട്. ഇക്കാര്യം നടക്കുന്നു എന്നുറപ്പാക്കൽ.
- ഡിജിറ്റൽ ക്ലാസിനു മുൻപും ശേഷവും നേരിട്ടോ, നവമാധ്യമങ്ങൾ വഴിയോ, ഫോൺ വഴിയോ രണ്ടും കൂടിയോ അധ്യാപകർ കുട്ടികൾക്കാവശ്യമായ പിന്തുണ നൽകുന്നുവെന്ന് ഉറപ്പാക്കാനുള്ള നിർദ്ദേശം നൽകൽ.
- കുട്ടികൾക്കാവശ്യമായ പാഠപുസ്തകങ്ങളുടെ വിതരണം പൂർത്തിയാക്കുന്നതിനുള്ള നടപടികൾ മോണിറ്റർ ചെയ്യൽ.

- ബി.ആർ.സിയുമായി സഹകരിച്ച് അക്കാദമിക തുടർപ്രവർത്തനം നടക്കുന്നുവെന്ന് ഉറപ്പാക്കൽ. ചുമതലയുള്ള ഡയറ്റ് ഫാക്കൽറ്റിയുടെ പങ്കാളിത്തം ഉറപ്പാക്കൽ.
- ഓരോ ആഴ്ചയിലും നവമാധ്യമ സങ്കേതങ്ങളുപയോഗിച്ചുകൊണ്ട് പ്രഥമാധ്യാപകരെ പങ്കെടുപ്പിച്ചുകൊണ്ടുള്ള യോഗങ്ങൾ നടത്തി പ്രവർത്തനങ്ങൾ വിലയിരുത്തൽ, മേൽതലങ്ങളിലേക്ക് റിപ്പോർട്ട് നൽകൽ.
- അയൽപക്ക പഠനകേന്ദ്രങ്ങൾ ഫലപ്രദമായി പ്രവർത്തിക്കുന്നുവെന്ന് ഉറപ്പാക്കൽ.
- മോണിട്ടറിംഗ്
- മേൽതലങ്ങളിലേക്ക് റിപ്പോർട്ട് നൽകൽ.

## സ്കൂൾതലം

- രക്ഷിതാക്കളുടെയും അധ്യാപകരുടെയും പഠന കൂട്ടായ്മ നവമാധ്യമ ഗ്രൂപ്പുകൾ രൂപീകരിക്കണം.
- പഠന കൂട്ടായ്മകളുടെ ഓൺലൈൻ യോഗങ്ങൾ സംഘടിപ്പിക്കണം.
- ഡിജിറ്റൽ ക്ലാസുകളുടെ സമയക്രമം ബന്ധപ്പെട്ട എല്ലാവരിലും എത്തി എന്ന് ഉറപ്പാക്കണം.
- എല്ലാ കുട്ടികളും അധ്യാപകരും ഡിജിറ്റൽ ക്ലാസുകളുടെ പ്രവർത്തനങ്ങളിൽ പങ്കാളികളാകുന്നു എന്ന് ഉറപ്പുവരുത്തണം.
- പാഠപുസ്തകങ്ങൾ എല്ലാ കുട്ടികൾക്കും ലഭിച്ചു എന്ന് ഉറപ്പാക്കണം.
- മോണിറ്ററിംഗ് റിപ്പോർട്ട് തയാറാക്കി ബന്ധപ്പെട്ട ഓഫീസുകൾക്ക് കൈമാറണം.
- കുട്ടികളുടെ പഠനപ്രവർത്തനങ്ങളുടെ മികച്ച ഉൽപ്പന്നങ്ങൾ ശേഖരിച്ച് ഡോക്യുമെന്റ് ചെയ്യണം.
- പി.ടി.എ., എസ്.എം.സി., പൂർവ്വവിദ്യാർത്ഥി സംഘടന, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ജനപ്രതിനിധികൾ, ഇതര സർക്കാർ ഏജൻസികൾ എന്നിവരുടെ സഹായവും സഹകരണവും ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കൽ.

## പ്രഥമാദ്ധ്യാപകർ പ്രത്യേകം ശ്രദ്ധിക്കേണ്ടത്

- എല്ലാ കുട്ടികളും ക്ലാസ് വീക്ഷിക്കുന്നു എന്ന് ഉറപ്പാക്കണം.
- സാങ്കേതിക സംവിധാനമില്ലാത്ത ഏതെങ്കിലും കുട്ടികളുണ്ടെങ്കിൽ അവരെ കണ്ടെത്തി സൗകര്യം ഒരുക്കാൻ മുൻകൈയെടുക്കണം.
- ഇന്റർനെറ്റ് കണക്ഷൻ പ്രശ്നമുള്ള സ്ഥലങ്ങളിൽ ക്ലാസുകൾ ഡൗൺലോഡ് ചെയ്ത് നൽകണം. ഇതിന് വേണ്ടിയുള്ള സാങ്കേതിക പിന്തുണയും ഉറപ്പാക്കണം.
- സംപ്രേഷണ സമയക്രമം കുട്ടികൾക്കും രക്ഷിതാക്കൾക്കും മുൻകൂട്ടി ലഭിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തണം.
- അദ്ധ്യാപകരുടെ മുന്നൊരുക്കം, ക്ലാസ്സ് വീക്ഷിക്കൽ, കുട്ടികളുടെ സംശയ നിവാരണം, തുടർപ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച് പ്രഥമാദ്ധ്യാപകർ കൃത്യമായ മേൽനോട്ടം നിർവ്വഹിക്കണം.

- നവമാധ്യമസാധ്യത പ്രയോജനപ്പെടുത്തി എസ്.ആർ.ജി കൂടുകയും പ്രവർത്തന പുരോഗതി വിലയിരുത്തുകയും വേണം. എസ്.ആർ.ജി ആവശ്യമായ ഘട്ടങ്ങളിലെല്ലാം വിളിച്ചു ചേർക്കണം.
- മുന്നൊരുക്കം, തുടർ പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച് അധ്യാപകർക്കും രക്ഷിതാക്കൾക്കും കുട്ടികൾക്കും നിർദ്ദേശങ്ങൾ നൽകേണ്ടതാണ്. കൂടാതെ അദ്ധ്യാപകർ കുട്ടികൾക്ക് വേണ്ട പിന്തുണയും പ്രോത്സാഹനവും നൽകുന്നുണ്ടെന്നും ഉറപ്പാക്കണം. എല്ലാ തിങ്കളാഴ്ചയും അതിനുമുമ്പുള്ള ആഴ്ചയിലെ ക്ലാസ്സുകൾ എല്ലാ കുട്ടികളും കണ്ടുവെന്ന് ഉറപ്പാക്കുകയും ക്ലാസുകൾ സംബന്ധിച്ച് അധ്യാപകരിൽ നിന്നും ഫീഡ്ബാക്ക് ശേഖരിക്കുകയും വേണം.
- ക്ലാസ് വീക്ഷിക്കുന്ന കുട്ടികളുടെ വിശദാംശങ്ങൾ (പൂർണമായി, ഭാഗികമായി, തീരെയില്ല എന്നിങ്ങനെ) സ്കൂൾതലത്തിൽ ക്രോഡീകരിക്കണം.
- പ്രദേശത്തെ കുട്ടികളുടെ സാമൂഹ്യ സാഹചര്യങ്ങൾ പരിഗണിച്ച് അധികമായി നൽകേണ്ട പ്രവർത്തനങ്ങൾ പിന്തുണ സംവിധാനങ്ങൾ എന്നിവ സംബന്ധിച്ച ആസൂത്രണത്തിലും നടത്തിപ്പിലും നേതൃത്വം വഹിക്കണം
- പാഠപുസ്തകം എല്ലാ കുട്ടികൾക്കും ലഭ്യമായി എന്ന് ഉറപ്പാക്കണം.
- രക്ഷിതാക്കളുമായി നിരന്തര ബന്ധം പുലർത്തുകയും അവരുടെ ഫീഡ്ബാക്ക് ശേഖരിക്കുകയും പ്രശ്നങ്ങൾ പരിഹരിക്കാൻ മുൻകൈ എടുക്കുകയും വേണം.
- സൈബർ നിയമങ്ങളെല്ലാം പാലിച്ചുവെന്ന് ഉറപ്പാക്കണം.

## അധ്യാപക രക്ഷാകർതൃ സമിതി, എസ്.എം.സി.

അതത് സ്കൂളിലെ കുട്ടികൾക്ക് ഡിജിറ്റൽ ക്ലാസ്സുകൾ ലഭിക്കുന്നു എന്ന് ഉറപ്പാക്കണം. സ്കൂൾതലത്തിൽ ഏതെങ്കിലും കുട്ടിക്ക് ക്ലാസുകൾ കാണുന്നതിനുള്ള സൗകര്യമില്ലെങ്കിൽ അദ്ധ്യാപകരുടെ സഹകരണത്തോടെ ആ സൗകര്യം ഏർപ്പെടുത്തുന്നതിനോ, കോവിഡ് നിയന്ത്രണങ്ങൾ കണക്കിലെടുത്ത് പൊതുപഠന കേന്ദ്രത്തിലേയ്ക്ക് കുട്ടിയെ കൊണ്ടുവരുന്നതിനോ ഉള്ള പിന്തുണ നൽകണം.

- വിദ്യാഭ്യാസ വകുപ്പ് ഇതുമായി ബന്ധപ്പെട്ട് നൽകുന്ന നിർദ്ദേശങ്ങൾ സ്കൂൾ മേധാവി അറിയിക്കുമ്പോൾ അതിനനുസരിച്ച് സാധ്യമായ എല്ലാ പ്രവർത്തനങ്ങളിലും സഹകരിക്കണം.

## അദ്ധ്യാപകർ

- ഒരു കുട്ടി പോലും ഇപ്പോൾ നടക്കുന്ന പഠനപ്രവർത്തനങ്ങളിൽ നിന്ന് ഒഴിവായി പോകുന്നില്ല എന്ന് ഉറപ്പാക്കാൻ അധ്യാപകർ ശ്രദ്ധിക്കണം.
- സമയക്രമം, വിഷയം എന്നീ വിവരങ്ങൾ മനസ്സിലാക്കിവയ്ക്കുകയും ഇക്കാര്യങ്ങൾ എല്ലാ കുട്ടികളും രക്ഷകർത്താക്കളും അറിഞ്ഞിട്ടുണ്ട് എന്ന് ഉറപ്പാക്കുകയും ചെയ്യേണ്ടതുണ്ട്. എന്തൊക്കെ മുന്നൊരുക്കങ്ങളാണ് ചെയ്യേണ്ടത് എന്നതിനെക്കുറിച്ച് കുട്ടികൾക്ക് ഫോൺ വഴിയും സാമൂഹ്യമാധ്യമങ്ങൾ വഴിയും നിർദേശങ്ങൾ നൽകി എല്ലാവരും സജ്ജരാണ് എന്ന് ഉറപ്പാക്കുകയും വേണം.

- ഡിജിറ്റൽ ക്ലാസുകൾക്കായി കുട്ടികളെ സജ്ജമാക്കാനുള്ള മുന്നൊരുക്ക പ്രവർത്തനങ്ങൾ അതിപ്രധാനമാണ്. ആയതിനാൽ സാമൂഹ്യമാധ്യമങ്ങൾ വഴി ക്ലാസിനുമുമ്പേ നടക്കേണ്ട സജ്ജമാക്കൽ പ്രവർത്തനം നടത്തണം. അധ്യാപകർ ക്ലാസുകൾ സസൂക്ഷ്മം വീക്ഷിക്കണം. കേന്ദ്രീകൃതമായി തയ്യാറാക്കിയ ക്ലാസിൽ തന്റെ കുട്ടികളുടെ സാഹചര്യത്തിനനുസരിച്ച് എന്തെങ്കിലും കൂട്ടിച്ചേർക്കലുകളോ, അധിക പ്രവർത്തനങ്ങളോ വേണ്ടതുണ്ടെങ്കിൽ അതുകൂടി ഉൾപ്പെടുത്തി സാമൂഹ്യമാധ്യമങ്ങൾ വഴി ക്ലാസുകൾ നൽകേണ്ടതാണ്.
- കുട്ടികളുടെ സംശയങ്ങൾ ദൂരീകരിക്കാൻ വേണ്ടതെല്ലാം ചെയ്യണം.
- ക്ലാസ്സിൽ നിർദ്ദേശിച്ച പ്രവർത്തനങ്ങൾ പൂർത്തിയാക്കാൻ ആവശ്യമായ പിന്തുണയും പ്രോത്സാഹനവും കുട്ടികൾക്ക് നൽകണം. ഭിന്നശേഷിക്കാർ, വീട്ടിൽ സഹായിക്കാൻ മുതിർന്നവരില്ലാത്ത കുട്ടികൾ, ഡിജിറ്റൽ ഉപകരണങ്ങളുടെ അഭാവം നേരിടുന്ന കുട്ടികൾ എന്നിവർക്ക് അധ്യാപകരുടെ സഹായം കൂടിയേതീരൂ. ഇതിനായി ബദൽ ക്രമീകരണം കൂടിയാലോചിച്ച് തീരുമാനിക്കണം. സ്പെഷ്യൽ എഡ്യൂക്കേറ്റർമാരുടെ സേവനം ഫലപ്രദമായി പ്രയോജനപ്പെടുത്തണം.
- രക്ഷകർത്താക്കളുമായി നിരന്തരം ബന്ധം പുലർത്തുകയും അവരുടെ പ്രയാസങ്ങൾ മനസ്സിലാക്കി കൂട്ടായി ചർച്ച ചെയ്ത് പരിഹാരം കണ്ടെത്താൻ ശ്രമിക്കുകയും വേണം.
- കുട്ടി, രക്ഷിതാവ് എന്നിവരിൽ നിന്ന് ഫീഡ്ബാക്ക് സ്വീകരിക്കണം. അതുപോലെ കുട്ടികളുടെ സൃഷ്ടികൾ ശേഖരിച്ച് പരിശോധിച്ച് അംഗീകരിക്കുന്നതിനും മറ്റുള്ളവരുമായി പങ്കുവെയ്ക്കുന്നതിനും കഴിയണം.
- രക്ഷാകർത്താക്കളെ ചേർത്ത് ക്ലാസ്/വിഷയതലഗ്രൂപ്പ് നവമാദ്ധ്യമങ്ങൾ വഴി ഉണ്ടാക്കുകയും അത് ഫലപ്രദമായി കുട്ടികൾക്കായി പ്രയോജനപ്പെടുത്തുകയും വേണം. ഇപ്രകാരമുള്ള ഗ്രൂപ്പുകൾ കൃത്യമായി അധ്യാപകർ നിയന്ത്രിക്കേണ്ടതും വിദ്യാഭ്യാസ ആവശ്യങ്ങൾക്ക് മാത്രമാണ് ഇവ ഉപയോഗിക്കപ്പെടുത്തുന്നതെന്ന് ഉറപ്പാക്കുകയും വേണം.
- എല്ലാ കുട്ടികളും ഒരു മുതിർന്ന അംഗത്തിന് ഒപ്പം (പ്രത്യേകിച്ച് ലോവർ പ്രൈമറി) ക്ലാസ്സ് കാണുന്നു എന്ന് ഉറപ്പാക്കണം.
- അനുയോജ്യമായ മൂല്യനിർണ്ണയ ഉപാധികൾ ഉപയോഗിച്ച് കുട്ടികൾക്ക് അധിക സമ്മർദ്ദം ഉണ്ടാകാത്ത രീതിയിൽ മൂല്യനിർണ്ണയ പ്രവൃത്തികൾ സംഘടിപ്പിക്കുകയും പഠനപുരോഗതി വിലയിരുത്തുകയും വേണം.
- ഡിജിറ്റൽ ക്ലാസുകൾ വീക്ഷിക്കുന്ന കുട്ടികളുടെ വിവരം കൃത്യമായി കണക്കാക്കണം. പൂർണമായും കണ്ടവർ, ഭാഗികമായി കണ്ടവർ, തീരെ കാണാത്തവർ എന്ന് തരം തിരിച്ച് രേഖപ്പെടുത്തുകയും പൂർണമായും കാണാത്തവരോട് കാരണങ്ങൾ ചോദിച്ചറിഞ്ഞ് പ്രശ്നങ്ങൾ പരിഹരിക്കാൻ മുൻകൈ എടുക്കുകയും വേണം.
- ക്ലാസിന്റെ ഫലപ്രാപ്തി സംബന്ധിച്ച് അഭിപ്രായം ക്രോഡീകരിച്ച് രേഖപ്പെടുത്തണം. വിവരങ്ങൾ സ്കൂൾ മേധാവിക്ക് സമയാസമയം റിപ്പോർട്ട് ചെയ്യണം.

## ക്ലസ്റ്റർ കോർഡിനേറ്റർ

- ക്ലസ്റ്ററിലെ മുഴുവൻ പ്രഥമാദ്ധ്യാപകരും ഉൾപ്പെടുന്ന സമിതിയുടെ ഏകോപനത്തിനും അവലോകനത്തിനും നേതൃത്വം നൽകണം.
- എല്ലാ കുട്ടികളും അധ്യാപകരും ഡിജിറ്റൽ ക്ലാസുകളുടെ പ്രവർത്തനങ്ങളിൽ പങ്കാളികളാകുന്നു എന്ന് ഉറപ്പു വരുത്തണം.
- ക്ലസ്റ്ററിലെ അധ്യാപകരുമായി ചേർന്ന് ഡിജിറ്റൽ ക്ലാസുകൾ ലഭ്യമാകാത്ത കുട്ടികൾ ഉണ്ടെങ്കിൽ വിശദാംശങ്ങൾ ശേഖരിച്ച് ബി.ആർ.സിയെ അറിയിക്കണം
- ഭിന്നശേഷിക്കാരായ കുട്ടികൾക്ക് പ്രത്യേക പരിഗണന നൽകുന്നതിനും ഡിജിറ്റൽ പിന്തുണാ സംവിധാനം ഒരുക്കുന്നതിനും സ്പെഷ്യൽ എഡ്യൂക്കേറ്റർമാരുടെ സേവനം ഉറപ്പാക്കണം.
- ക്ലസ്റ്റർ തലത്തിൽ സ്കൂൾ മേധാവികൾ, ക്ലാസ് ടീച്ചർമാർ, വിഷയ ടീച്ചർമാർ, സി.ആർ.സി കോഡിനേറ്റർ എന്നിവർ മാത്രമുള്ള നവമാധ്യമ ഗ്രൂപ്പ് രൂപീകരിച്ച് തത്സമയ സഹായവും പിന്തുണയും നൽകുന്നതിന് നേതൃത്വം നൽകണം. ആവശ്യമെങ്കിൽ വിഷയവിദഗ്ധന്മാരുടെ സേവനവും അതത് സമയങ്ങളിൽ ഉറപ്പാക്കണം.
- ഡിജിറ്റൽ സംവിധാനം പ്രയോജനപ്പെടുത്തുമ്പോൾ സൈബർ നിയമങ്ങളെല്ലാം പാലിക്കേണ്ടതാണ്.

**പൊതുവിദ്യാഭ്യാസ ഡയറക്ടർ**